# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 86
28-11-2018-ലെ മറുപടിയ്ക്ക്

### ദുരിതാശ്വാസ നിധി

| ചോദ്യം<br>ശ്രീ. എൽദോ എബ്രഹാം | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2018 ആഗസ്റ്റ് മുതൽ നവംബർ വരെ ലഭിച്ച സംഭാവന തുക എത്രയെന്ന് മാസം തിരിച്ച് വ്യക്തമാക്കാമോ; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2018 ആഗസ്റ്റ് മുതൽ നവംബർ വരെ ലഭിച്ച സംഭാവനയുടെ വിവരം താഴെപ്പറയും പ്രകാരമാണ്.<br>ആഗസ്റ്റ് - 746.89 കോടി രൂപ<br>സെപ്റ്റംബർ - 839.35 കോടി രൂപ<br>ഒക്ടോബർ - 804.76 കോടി രൂപ<br>നവംബർ(27/11/2018 വരെ) - 363.27 കോടി രൂപ |
| ബി) സാലറി ചലഞ്ച് മുഖേന ദുരിതാശ്വാസ നിധിയിലേക്ക് പ്രതീക്ഷിച്ചിരുന്ന തുക എത്രയെന്നും നാളിതുവരെ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | സർക്കാർ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളച്ചെലവിന് തുല്യമായ 2200 കോടി രൂപ സാലറി ചലഞ്ച് മുഖേന സമാഹരിക്കണമെന്നതായിരുന്നു ലക്ഷ്യം. അതേസമയ്, ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ച് നിർബന്ധിതമല്ലായെന്നും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകുമെന്നും സർക്കാർ തുടക്കം മുതൽ തന്നെ വ്യക്തമാക്കിയിരുന്നു. പല കാരണങ്ങളാൽ ഒരു മാസത്തെ സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളവർ വിട്ടു നിന്നിട്ടുണ്ട്.<br>പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ |

| | |
|---|---|
| | ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| സി) സർക്കാർ ജീവനക്കാർ വാഗ്ദാനം നൽകിയ പ്രകാരം ഇനി എത്ര തുകയാണ് സാലറിചലഞ്ച് മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | നിലവിലെ സാഹചര്യത്തിൽ സാലറിചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. പെൻഷൻകാർ തങ്ങൾക്ക് താൽപ്പര്യമുള്ള തുക സി.എം.ഡി.ആർ.എഫിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. ആയത് ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ